# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 921 28.04.2017 -ൽ മറുപടിക്ക്

### പത്താം ക്ലാസ്സുവരെ മലയാള ഭാഷാപഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എം.വിൻസെന്റ്<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.അനിൽ അക്കര | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം ക്ലാസ്സ് വരെ മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ | സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് /സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കി സർക്കാർ ഓർഡിനൻസ് (10.04.2017 ലെ ഓർഡിനൻസ് നമ്പർ 705) പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി | ഏത് അദ്ധ്യായന വർഷം മുതലാണ് ഇത് നിർബന്ധമാക്കിയിട്ടുള്ളതെന്നും ഏതെല്ലാം സിലബസ് പ്രകാരം പഠിക്കുന്ന കുട്ടികൾക്കാണ് ഇത് ബാധകമാക്കിയിട്ടുള്ളതെന്നും വിവരിക്കുമോ; | ബി | 2017-18 അധ്യയനവർഷം മുതലാണ് സ്കൂളുകളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകൾക്കും (സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ ഉൾപ്പെടെ) ഈ നിയമം ബാധകമാണ്. |
| സി | സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കി നടപ്പാക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം ക്രമീകരണങ്ങളാണ് ഭരണതലത്തിൽ കൈകൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി | 10.04.2017 ലെ ഓർഡിനൻസ് നമ്പർ 705 സംബന്ധിച്ച ബിൽ നിയമസഭയുടെ നടപ്പു സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ ബില്ലിൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ എല്ലാം ഉൾപ്പെടുത്തുന്നുണ്ട്. . |

സെക്ഷൻ ഓഫീസർ